LIBRARY ARCHIVES Kerala Legislative Assembly

വാർദ്ധക്യകാല പെൻഷൻ, വിധവാ പെൻഷൻ, അഗതി പെൻഷൻ എന്നിവയിൽ നടപടി സ്വീകരിക്കുന്നതിനുള്ള കാലതാമസം

83 (4967) ശ്രീ. കെ. പി. മോഹനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ നൽകിവരുന്ന വാർദ്ധക്യകാല പെൻഷൻ, വിധവാ പെൻഷൻ, അഗതി പെൻഷൻ തുടങ്ങിയവ ലഭിക്കുന്നതിനുള്ള അപേക്ഷകൾ പഞ്ചായത്തുകളിൽ സ്വീകരിക്കാതിരിക്കാനും നടപടി സ്വീകരിക്കാതിരിക്കാനും കാരണമെന്തെന്ന് വെളിപ്പെടുത്തുമോ ;

(ബി) കണ്ണൂർ ജില്ലയിൽ പെരിങ്ങളം മണ്ഡലത്തിലെ പഞ്ചായത്തുകളിൽ വാർദ്ധക്യകാല പെൻഷൻ, വിധവാ പെൻഷൻ, അഗതി പെൻഷൻ എന്നീ ഇനത്തിൽ എത്ര അപേക്ഷകൾ തീർപ്പ് കൽപ്പിക്കാതെ കെട്ടിക്കിടക്കുന്നുണ്ടെന്ന് പഞ്ചായത്ത് അടിസ്ഥാനത്തിൽ കണക്ക് വെളിപ്പെടുത്തുമോ ;

(സി) അപേക്ഷകൾക്ക് എപ്പോൾ തീർപ്പ് കൽപ്പിക്കുമെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ - സി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

ശ്രീചിത്രാഹോം, വഞ്ചിപുവർ ഫണ്ട്, ജവഹർ ബാലഭവൻ തുടങ്ങിയ സ്ഥാപനങ്ങളിലെ നിയമനം

84 (4968) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശ്രീചിത്രാ ഹോം, വഞ്ചിപുവർ ഫണ്ട്, ജവഹർ ബാലഭവൻ തുടങ്ങിയ സർക്കാർ നിയന്ത്രിത സ്ഥാപനങ്ങളിലേക്കുള്ള നിയമന വ്യവസ്ഥകൾ എന്തെല്ലാം ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇത്തരം സ്ഥാപനങ്ങളിൽ നടത്തിയ നിയമനങ്ങൾ സംബന്ധിച്ച വിശദവിവരം, നിയമന രീതിയും പേരുവിവരമുൾപ്പെടെ നൽകുമോ ;

(സി) മുൻ സർക്കാരിന്റെ കാലത്ത് നിയമിക്കപ്പെട്ടവരിൽ ആരെയെങ്കിലും ഈ കാലയളവിൽ പിരിച്ചുവിട്ടിട്ടുണ്ടോ ; എങ്കിൽ എന്തു കാരണത്താലാണ് പിരിച്ചുവിട്ടതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ശ്രീചിത്രാഹോമിലേക്കുള്ള നിയമനം ശ്രീചിത്രാഹോം മാനേജിംഗ് കമ്മിറ്റി നടത്തുന്നു.

വഞ്ചിപുവർ ഫണ്ട് ഗവൺമെന്റ് നിയന്ത്രിത സ്ഥാപനമല്ല. തിരുവിതാംകൂർ കൊച്ചിൻ ലിറ്റററി സയന്റിഫിക് ചാരിറ്റബിൾ സൊസൈറ്റി രജിസ്ട്രേഷൻ ആക്ട് 1955 പ്രകാരം രജിസ്റ്റർ ചെയ്ത് 1941 മുതൽ പ്രവർത്തിച്ചുവരുന്ന സ്വതന്ത്ര സ്ഥാപനമാണ്.

ജവഹർ ബാലഭവൻ സാംസ്കാരിക വകുപ്പിന്റെ നിയന്ത്രണത്തിലാണ്. ഇവിടെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയോ എംപ്ലോയ്മെന്റ് എക്സേഞ്ചിൽനിന്നും ഉദ്യോഗാർത്ഥികളുടെ ലിസ്റ്റ് ലഭിക്കാതെ വരുന്ന അവസരങ്ങളിൽ പത്രപ്പരസ്യം വഴി അപേക്ഷ ക്ഷണിച്ച് നേരിട്ടും നിയമനം നടത്തുന്നു.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ശ്രീചിത്രാ ഹോമിൽ നടത്തിയിട്ടുള്ള നിയമനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	പേര്	തസ്തിക	നിയമന രീതി	ജാതി	റിമാർക്സ്
(1)	(2)	(3)	(4)	(5)	(6)
1	പ്രശാന്തി പി. മധു	ക്ലാർക്ക്	ആശ്രിത നിയമനം	ഹിന്ദു ഈഴവ	ആശ്രിത നിയമനം
2.	സതീദേവി. എൽ	വാർഡർ	എംപ്ലോയ്മെന്റിൽ നിന്നും ലഭിച്ച ലിസ്റ്റിൽ നിന്നും നിയമനം	ഹിന്ദു ഈഴവ	മുൻ അന്തേവാസി
3.	സുരേഷ് കുമാർ	കുക്ക്	"	ഹിന്ദു നായർ	എക്സ്സർവ്വീസ് മാൻ
4.	മോഹൻകുമാർ പി. എസ്	പ്യൂൺ	"	ഹിന്ദു നായർ	മുൻ അന്തേവാസി, വാർഡറായി പ്രമോഷൻ നൽകി.
5.	സരസ്വതി.എസ്.	വാർഡർ	"	ഹിന്ദു ചേരമർ	മുൻ അന്തേവാസി പട്ടികജാതി
6.	ഷിബു.എസ്.	പ്യൂൺ	"	ഹിന്ദു പുലയ	"
7.	ബിനു കുമാർ. എം. കെ.	സ്റ്റോർ കീപ്പർ	മാനേജിംഗ് കമ്മിറ്റി നേരിട്ട് നടത്തിയ നിയമനം	ഹിന്ദു തണ്ടാൻ	വികലാംഗൻ പട്ടികജാതി
8.	ബേൺസി. കെ. എ.	ക്ലാർക്ക് ടൈപ്പിസ്റ്റ്	എംപ്ലോയ് മെന്റിൽ നിന്നും ലഭിച്ച ലിസ്റ്റിൽ നിന്നും നിയമനം	ക്രിസ്ത്യൻ ലാറ്റിൻ കാത്തലിക്	

LIBRARY ARCHIVES Kerala Legislative Assembly

അനിൽ രാജ് എന്ന ഗിത്താർ അദ്ധ്യാപകനേയും, കിരൺ ഇഗ്നേഷ്യസ് എന്ന എയ്റോ മോഡലിംഗ് അദ്ധ്യാപകനേയും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന തിരുവനന്തപുരം ജവഹർ ബാലഭവനിൽ നിയമിച്ചിട്ടുണ്ട്.

(സി) ശ്രീചിത്രാഹോം, ജവഹർ ബാലഭവൻ എന്നിവിടങ്ങളിൽ ആരേയും പിരിച്ചു വിട്ടിട്ടില്ല.

ഐ.സി.ഡി.എസ്. സൂപ്പർവൈസർമാരുടെ എണ്ണം വർദ്ധിപ്പിക്കാൻ നടപടി

85 (4969) ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ.സി.ഡി.എസ്-ന് കീഴിലുള്ള അംഗൻവാടികളുടെ പ്രവർത്തനം കാര്യക്ഷമമാക്കുവാൻ സൂപ്പർവൈസർമാരുടെ എണ്ണവും ഐ.സി.ഡി.എസ്. പ്രോജക്ടുകളുടെ എണ്ണവും വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ ഇതുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് ; വിശദമാക്കുമോ ?

ഉത്തരം

(എ & ബി) മൂന്നാംഘട്ട ഐ.സി.ഡി.എസ്. വികസനത്തിന്റെ ഭാഗമായി നിലവിലുള്ള 163 ഐ.സി.ഡി.എസ്. പ്രോജക്ടുകൾ വിഭജിച്ച് 95 പുതിയ ഐ.സി.ഡി.എസ്. പ്രോജക്ടുകളും 871 അംഗൻവാടികളും, 129 മിനി അംഗൻവാടികളും ആരംഭിക്കുന്നതിനും, കേന്ദ്ര സർക്കാരിൽ നിന്നും അനുമതി ലഭിച്ചിട്ടുണ്ട്. ഇതിനുള്ള ഭരണപരമായ നടപടിക്രമങ്ങൾ പൂർത്തീകരിച്ചു വരുന്നു.

അംഗൻവാടി വർക്കർമാർക്ക് ഐ.സി.ഡി.എസ്. സൂപ്പർവൈസർമാരായുള്ള നിയമനം

86 (4973) ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2008 മാർച്ച് മാസത്തിൽ സാമൂഹ്യക്ഷേമ വകുപ്പിലേക്ക് ഐ.സി.ഡി.എസ് സൂപ്പർവൈസർ തസ്തികയിൽ എത്ര പേരുടെ റാങ്ക് ലിസ്റ്റാണ് പ്രസിദ്ധീകരിച്ചിരുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) അംഗൻവാടി വർക്കർമാർക്ക് എത്ര ശതമാനമാണ് സൂപ്പർ വൈസർ തസ്തിക നീക്കിവച്ചിരിക്കുന്നത് എന്നറിയിക്കുമോ ;

(സി) അംഗൻവാടി വർക്കർമാർക്ക് സൂപ്പർവൈസർ തസ്തികയിൽ ജോലി ലഭിക്കുന്നതിന് എന്തെല്ലാം മാനദണ്ഡങ്ങളാണുള്ളതെന്ന് വെളിപ്പെടുത്തുമോ ;

(ഡി) മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി എത്ര അംഗൻവാടി വർക്കർമാരാണ് 2009-ൽ തയ്യാറാക്കിയ ലിസ്റ്റിൽ ഉൾപ്പെട്ടിരിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly